**A**

**602**

## സമഗ്ര ശിക്ഷാ കേരളം

# വാർഷിക മൂല്യനിർണ്ണയം 2022-23

## മലയാളം

## കേരളപാഠാവലി

**ക്ലാസ് : 6** **സമയം: 2 മണിക്കൂർ**

---

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആറു പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിൽ അഞ്ചു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി. ഒന്നാമത്തെ പ്രവർത്തനം നിർബന്ധമാണ്.

---

പ്രവർത്തനം 1 - വായിക്കാം എഴുതാം

ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലം. അന്നും വീട്ടുചെലവിനുള്ള നെല്ല് കിട്ടാവുന്ന കൃഷിയുണ്ട്. അമ്മയാണ് കൃഷിക്കാരി. കാലുള്ള ഒരു വലിയ കുടയുമായാണ് അമ്മ പാടത്തുപോവുക. വാസ്തവത്തിൽ അതൊരു അഭംഗിയായിരുന്നു. സ്ത്രീകൾ എപ്പോഴും ലേഡീസ് കുട ചൂടി നടക്കുന്നത് കാണാനാണ് ചന്തം. അമ്മ മുന്നിൽ നടക്കും പിന്നിൽ വാലായി ഞാനും. വെള്ളം നിറഞ്ഞ് പുഴപോലെ കിടക്കുന്ന ഇടത്തോടിന്റെ അരികിൽ കന്നുപൂട്ടുകാർക്കും കാളകൾക്കും പോകാനുള്ള വീതിയേറിയ വരമ്പിലൂടെയാണ് നടത്തം. ഇരുവശത്തും പെണ്ണുങ്ങൾ ഞാറുപറിക്കുകയും നടുകയുമൊക്കെ ചെയ്യുന്നുണ്ടാകും. കള്ളിമുണ്ടും ബ്ലൗസുമാണ് പ്രധാനവേഷം. ചുരിദാറും നൈറ്റിയുമൊന്നും ഞങ്ങളുടെ നാട്ടിൻപുറത്തേക്ക് അന്ന് എത്തിനോക്കിയിട്ടില്ല. നടക്കുന്നതിനിടയിൽ പാടത്ത് പലഭാഗത്തുനിന്നും ഞാറ്റുപാട്ട് കേൾക്കാം. ഒരാൾ പാടിക്കൊടുക്കും. മറ്റുള്ളവർ ഏറ്റുപാടും. ജോലിയുടെ ക്ഷീണമറിയാതിരിക്കാനാണ് അവർ പാടുന്നതെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. വടക്കൻപാട്ടിലെ കഥകളാണ് അധികവും. കൊയ്ത്തുകാലത്തും പാട്ടിനൊരു പഞ്ഞവുമുണ്ടാകാറില്ല. കൃഷി മലയാളിയുടെ ഉത്സവമായിമാറുന്ന കാലമായിരുന്നു അത്.

**- സത്യൻ അന്തിക്കാട് (ഒരു അന്തിക്കാടൻ കൃഷിയനുഭവം)**

1. സത്യൻ അന്തിക്കാടിന്റെ വീട്ടിൽ ആരുടെ മേൽനോട്ടത്തിലാണ് കൃഷി നടന്നിരുന്നത്?
   (സത്യൻ അന്തിക്കാടിന്റെ, പണിക്കാരികളുടെ, അമ്മയുടെ)
2. 'അഭംഗിയാണ്' എന്ന് സൂചിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?
   (അമ്മ പാടത്ത് പോവുന്നത്, അമ്മ കാലുള്ള വലിയ കുട ചൂടുന്നത്, കള്ളിമുണ്ടും ബ്ലൗസും ധരിക്കുന്നത്)
3. കൃഷിപ്പണിയെടുക്കുന്ന സ്ത്രീകൾ ജോലിക്കിടയിൽ പാട്ടു പാടുന്നത് എന്തിന് വേണ്ടിയാണ്?
   (ക്ഷീണം അറിയാതിരിക്കാൻ, അമ്മയെ രസിപ്പിക്കുന്നതിന്, പരിചയം പുതുക്കുന്നതിന്)
4. ഈ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നത് ഏത് കൃഷിയെപ്പറ്റിയാണ്?
   (തെങ്ങ്, വാഴ, നെല്ല്)
5. 'ചന്തം' എന്നതിന് സമാനപദം എഴുതുക.
   (ക്ഷീണം, ഭംഗി, പഞ്ഞം)

പ്രവർത്തനം 2 - (എ) വർണ്ണന തയ്യാറാക്കാം

ക്ലാസ് പതിപ്പിലേക്കായി സന്ധ്യാസമയത്തെ കാഴ്ചകളുടെ വർണന തയ്യാറാക്കുകയാണ് സ്നേഹ. ടെറസിൽ നിന്നുള്ള ദൂരക്കാഴ്ചയിൽ നിറയുന്ന ദൃശ്യങ്ങൾ അവൾ എഴുതാൻ തുടങ്ങി.

*ആകാശത്താരോ ഒളിഞ്ഞിരുന്ന് ചുവപ്പും കുങ്കുമവും മഞ്ഞയും*
*സ്വർണ്ണ നിറവുമൊക്കെ വാരിപ്പൂശിയ പോലെ.. എന്തൊരു തുടുപ്പാണ് സൂര്യന്!*

സ്നേഹ എഴുതുന്ന മനോഹര കാഴ്ചകളെ പൂർത്തിയാക്കാൻ സഹായിക്കുക

**(ബി)** അന്തിക്കതിർകൾ മാരിവില്ലു വരച്ചു കളിക്കുന്നതെവിടെ?
(കാട്ടുപുല്ലുകളിൽ, പവിഴപ്പൊളിയിൽ, നീരദത്തുണ്ടിൽ)

പ്രവർത്തനം 3 - (എ) **ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

**കുടയില്ലാത്തവർ**

ഇന്നും മഴ പതിവുതെറ്റിച്ചില്ല. സ്കൂൾ വിട്ടതും മഴയും തുടങ്ങി. കുടയുള്ളവരെല്ലാം മഴയുടെ വരവിനെ സ്വാഗതം ചെയ്ത് വീട്ടിലേക്ക് നടന്നു.

കണ്ണൻകുട്ടിയുടെ ക്ലാസ്സിലെ സുരേഷിന് കുടയില്ല. അവനാണെങ്കിൽ കാലിനു സുഖമില്ലാത്ത കുട്ടിയും. അവനു പോകേണ്ടത് മറ്റൊരു വഴിക്കായതിനാൽ കണ്ണൻകുട്ടിക്ക് അവനെ കൂടെനിർത്താനും കഴിയില്ല.

"സുരേഷേ, ഈ കുട നീ കൊണ്ടുപൊയ്ക്കോ. ഞാൻ മഴതോർന്നിട്ടു പൊയ്ക്കോളാം."
കണ്ണൻകുട്ടി കുട നീട്ടിക്കൊണ്ടു പറഞ്ഞു. ആദ്യം ഒന്നു മടിച്ചെങ്കിലും അവൻ കുട വാങ്ങിച്ചു.
മഴ തിമിർത്തുപെയ്യുകയാണ്. സ്കൂൾവരാന്തയിൽ ഇപ്പോൾ കുട്ടികളായിട്ട് കണ്ണൻകുട്ടി മാത്രമേ ഉള്ളൂ.
'തുള്ളിക്കൊരു കുടം മഴ
തുമ്പിക്കൈവണ്ണത്തിൽ മഴ
മദ്ദളംകൊട്ടുന്ന മഴ..'
അവൻ മഴയെ വായിച്ചെടുക്കാൻ ശ്രമിച്ചു. അപ്പോഴതാ, കുടയുമായി അമ്മ ഓടിവരുന്നു.
"എനിക്കറിയാം നിന്റെ കുട കൂട്ടുകാർക്ക് കൊടുത്തുകാണുമെന്ന്."
കുട നീട്ടികൊണ്ട് അമ്മ പറഞ്ഞു. അമ്മയോടൊപ്പം വീട്ടിലേക്കു നടക്കുമ്പോൾ അവൻ സുരേഷിനെക്കുറിച്ചു പറഞ്ഞു.
"അവന്റെ കാലിനു സുഖമില്ല. പാവം, ആ കുട അവൻ എടുത്തോട്ടെ."
അമ്മ ഒന്നു മൂളുകമാത്രം ചെയ്തു. പോകുന്നവഴിക്ക് അവൻ ഒന്നുകൂടി പറഞ്ഞു:
"അമ്മ വരുമെന്ന് എനിക്കറിയാമായിരുന്നു."

**- കെ.കെ. പല്ലശ്ശന**

കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. തലക്കെട്ടിനെക്കുറിച്ച് എഴുതാൻ മറക്കരുത്.

**(ബി)** കാഴ്ച വയ്ക്കുവാൻ മുത്തുകളേന്തി നിൽക്കുന്നത് ആരെന്നാണ് 'സാധ്യമെന്ത്' എന്ന കവിതയിൽ പറയുന്നത്?
(മുല്ലപ്പൂക്കൾ, ചെമ്പകങ്ങൾ, കാട്ടുപുല്ലുകൾ)

പ്രവർത്തനം 4 - (എ) **താരതമ്യക്കുറിപ്പ് തയ്യാറാക്കുക.**

മണ്ണിട്ടുമൂടിയ വയലുകളെല്ലാം
തിരിച്ചുവന്നെങ്കിൽ
വെട്ടിവീഴ്ത്തിയ കരിമ്പനകൾ
മുളച്ചുവന്നെങ്കിൽ
മണലെടുപ്പും പ്ലാസ്റ്റിക്കെറിയലും
നിർത്തിയിരുന്നെങ്കിൽ
ഒഴുക്കു നിലച്ച പുഴകളെല്ലാം

തിരിച്ചുവന്നെങ്കിൽ
ഉരുൾപൊട്ടലും മണ്ണിടിച്ചിലും
അവസാനിച്ചിരുന്നെങ്കിൽ
മഹാവ്യാധികളെല്ലാം നാടിനു

പുറത്തുപോയെങ്കിൽ
പ്രകൃതിയായൊരമ്മയെന്നും
ചിരിച്ചു നിന്നേനേ....!

- ശ്രീഷിത (ആഗ്രഹം)

കവിതയിലൂടെ ശ്രീഷിത പറഞ്ഞ കാര്യങ്ങൾ വായിച്ചുവല്ലോ. 'സാധ്യമെന്ത്' എന്ന കവിതയിലൂടെ പ്രകൃതിയുടെ മനോഹരദൃശ്യങ്ങൾ നാം പരിചയപ്പെട്ടു. രണ്ടു കവിതകളെയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**(ബി)** 'പുഴ' എന്ന പാഠഭാഗത്ത് "കല്ലായിപ്പുഴയാണ്, അഴിമുഖം അകലെ കാണാം" എന്ന വാക്യമുണ്ട്. എന്താണ് അഴിമുഖം?

(പുഴയുടെ ഉറവിടം, പുഴ കടലിൽ ചേരുന്ന ഭാഗം, കടലോരം)

പ്രവർത്തന 5 - **(എ)അനുഭവക്കുറിപ്പ് തയ്യാറാക്കുക.**

പുറത്ത്, മഴ ചാറുന്നുണ്ട്. ഞാനെന്റെ ഓലക്കുട മറന്നില്ല. കാവിൻപടിയിൽനിന്നുള്ള വീതിയുള്ള വരമ്പ് ചെന്നെത്തുന്നത് മൺറോഡിലേക്കാണ്. വള്ളിപ്പുല്ലുകൾക്കിടയിലെ ചവിട്ടുവഴി നിറയെ ചെളിയാണ്. ഞാറു നട്ടിട്ടേറെയാകാത്ത കണ്ടങ്ങളിൽ ചെളിവെള്ളം നിറഞ്ഞിരിക്കുന്നു. വരമ്പിലെ വീതി കൂടിയ കഴായ ഞാൻ പണിപ്പെട്ടു ചാടിക്കടന്നു. വഴുതി വീഴാതെ റോഡിലേക്ക് ചെന്നു കയറിയപ്പോൾ മഴ തുടങ്ങി. ഓലക്കുട ഉയർത്തിപ്പിടിച്ച്, തളംകെട്ടി നിൽക്കുന്ന ചെളിവെള്ളം തട്ടിത്തെറിപ്പിച്ചുകൊണ്ട് സ്കൂളെത്തിയപ്പോഴേക്കും പ്രാർത്ഥന തുടങ്ങിയിരുന്നു. മഴ കാരണം കുറേ ദിവസങ്ങളായി അസംബ്ലിയില്ല. മഴ നനഞ്ഞ് ഈറനായ കുപ്പായത്തിന്റെ തണുപ്പ് ഒന്നാമത്തെ പീര്യഡ് മുഴുവൻ എന്നെ അലോസരപ്പെടുത്തി. അപ്പോൾ ഞാൻ അടുത്തിരുന്ന ചങ്ങാതിമാരുടെ അടുത്തേക്ക് പറ്റിയിരുന്നു.

**- എം.കൃഷ്ണദാസ് (ഓർമ്മ എന്ന കീറക്കടലാസ്)**

*കഴായ= വെള്ളം പോവാനുള്ള ചെറിയ ചാൽ

ഇതുപോലെയുള്ള അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാവുമല്ലോ. നിങ്ങളുടെ രസകരമായ മഴക്കാല അനുഭവം എഴുതുക.

**(ബി)** "പിളർപ്പിന്റെ വക്കിൽ കിടക്കുന്ന തുരുത്തുകൾ അനർഗളമായി വരുന്ന ജല പ്രവാഹത്തെ നാലായി മുറിക്കുന്നു."

'അനർഗളമായി' എന്ന പദത്തിന്റെ അർത്ഥമെന്ത്?
(തടസ്സം കൂടാതെ, ഇടയ്ക്കിടയ്ക്ക്, ശക്തിയായി)

**വിശകലനക്കുറിപ്പ് തയ്യാറാക്കുക.**

കൗമാരപ്രായക്കാരിൽ മഹാഭൂരിപക്ഷത്തിന്റെയും കൈയിൽ മൊബൈൽ ഫോണുണ്ട്. മിക്ക വീടുകളിലും ടെലിവിഷനുണ്ട്. കംപ്യൂട്ടറിന്റെ ഉപയോഗവും വ്യാപകമായിട്ടുണ്ട്. ഇങ്ങനെ തങ്ങളുടെ ശ്രദ്ധയും സമയവും അപഹരിക്കാൻ ശേഷിയുള്ള പുതിയ വസ്തുക്കളുമായി ഹൃദയബന്ധം

പുലർത്തുന്നവർക്ക് പുസ്തകങ്ങളോട് പഴയ തലമുറയ്ക്ക് തോന്നിയതുപോലുള്ള ആഭിമുഖ്യം ഉണ്ടാവുക എളുപ്പമല്ല. പുസ്തകങ്ങൾക്ക് മാത്രം നൽകാൻ കഴിയുന്ന അനുഭവങ്ങളുടെയും അറിവിന്റെയും ലോകവുമായി ചെറിയ പ്രായത്തിൽ തന്നെ പരിചയപ്പെട്ടു കഴിഞ്ഞാൽ ആജീവനാന്തം ആ ബന്ധം നിലനിൽക്കും.

– എൻ പ്രഭാകരൻ

പുതിയ തലമുറയുടെ വായനയെപ്പറ്റിയുള്ള അഭിപ്രായം വായിച്ചുവല്ലോ. ഈ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**(ബി)** 'പുഴ' എന്ന പാഠഭാഗത്തെ ഒരു വാചകം ശ്രദ്ധിക്കൂ

"പെൺകുട്ടികളും ആൺകുട്ടികളും കട്ടപ്പാരയും കൊട്ടയുമായി മരമുരുളുകളെ പൊതിയുന്നു." എന്തിന് വേണ്ടിയായിരുന്നു ഇത്?

(മരമുരുളുകളുടെ വണ്ണവും നീളവും അളക്കാൻ, മരങ്ങളുടെ പുറം തൊലി അടർത്തിയെടുക്കാൻ, മരത്തടികളിൽ നമ്പർ കൊത്താൻ)